(ഡി) ക്രിസ്തുമസ് തുടങ്ങിയ ഉത്സവക്കാലങ്ങളിൽ അവശ്യസാധനങ്ങൾക്ക് വിപണിയിലുണ്ടാകാൻ സാദ്ധ്യതയുള്ള ക്രമാതീതമായ വിലക്കയറ്റം തടയുന്നതിനായി എല്ലാ വർഷവും സർക്കാർ സബ്സിഡിയോടെ സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തരം ക്രിസ്തുമസ് വിപണനമേളകൾ നടത്തിവരുന്നുണ്ട്. 2015-ലെ ക്രിസ്തുമസ് കാലയളവിൽ ഡിസംബർ 15 മുതൽ 31 വരെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ കൺസ്യൂമർഫെഡിന്റെ ത്രിവേണി, നന്മ യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും വിൽപ്പന നടത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കൺസ്യൂമർഫെഡ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ഖാദി സഹകരണ സംഘങ്ങളിലെ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം

190 (557) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഖാദി സഹകരണ സംഘങ്ങളിലെ മിക്ക വ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നത് പഴയ ചർക്കകളും തറികളും ഉപയോഗിച്ചാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഖാദി മേഖലയുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപിനാഥൻനായർ കമ്മിറ്റി ശിപാർശ പ്രകാരം സർക്കാർ 29.46 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ആദ്യപടിയായി 15.21 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി 780 ചർക്കകളും 650 തറികളും പുതുതായി വാങ്ങി നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 720 ചർക്കകളും 650 തറികളും കൂടി ഖാദി സ്ഥാപനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഫ്ലാഗ് ഷിപ്പ് സ്കീം പ്രകാരം ഖാദി സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും പുതുതായി ചർക്കകളും തറികളും വാങ്ങുന്നതിന് തുക അനുവദിക്കുന്നുണ്ട്. 2014-15 വർഷത്തിൽ 'Financial Assistance to Khadi Co-operative Institutions' എന്ന സ്കീമിന് ELAMS-ൽ പോസ്റ്റുചെയ്തിരുന്ന തുകയിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ച് നൽകിയത് കൂടാതെ നടപ്പുവർഷം ഇതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതുകൂടാതെ, അഖിലേന്ത്യാ ഖാദി കമ്മിഷന്റെ KRDP, ഖാദി ക്ലസ്റ്റർ പദ്ധതി പ്രകാരം ഖാദി സ്ഥാപനങ്ങളുടെ അർഹതയനുസരിച്ച് ചർക്കകളും തറികളും പുതുക്കുന്നതിന് ധനസഹായം ലഭ്യമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly.